✠

# വീട് വെഞ്ചരിപ്പ്

**സാധാരണ ക്രമം • HOUSE BLESSING (SIMPLE FORM)**

> *(പ്രാർത്ഥനക്കായി ഒരുമിച്ചു ചേരുന്നിടത്തുനിന്നോ, രൂപക്കൂടിന്റെ മുൻപിൽനിന്നോ അല്ലെങ്കിൽ തിരുഹൃദയ രൂപം സ്ഥാപിച്ചിരിക്കുന്നിടത്തു നിന്നോ ആരംഭിക്കുന്നു)*

**കാർമ്മി:** പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ.

**സമൂ:** ആമ്മേൻ.

**കാർമ്മി / സമൂ:** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ. ഞങ്ങൾക്ക് ആവശ്യമായ ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടും ക്ഷമിക്കണമേ. ഞങ്ങൾ പ്രലോഭനത്തിൽ വീഴാൻ ഇടയാകരുതേ. ദുഷ്ടാരൂപിയിൽ നിന്ന് ഞങ്ങളെ രക്ഷിക്കണമേ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

**ശുശ്രൂ:** നമുക്കു പ്രാർത്ഥിക്കാം; സമാധാനം നമ്മോടുകൂടെ.

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ, ഈ ഭവനത്തേയും ഇതിലെ നിവാസികളെയും + ആശീർവദിക്കണമേ. ആത്മീയവും ശാരീരികവുമായ എല്ലാ അപകടങ്ങളിൽ നിന്നും ഇവരെ കാത്തുരക്ഷിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

**സമൂ:** ആമ്മേൻ.

## സങ്കീർത്തനം (Psalm 84)

**കാർമ്മി:** സൈന്യങ്ങളുടെ ദൈവമായ കർത്താവേ, അങ്ങയുടെ ഭവനം എത്ര മനോഹരമാകുന്നു.

**സമൂ:** അങ്ങയുടെ ഭവനത്തിൽ വസിക്കുന്നവർ എത്ര ഭാഗ്യവാന്മാരാകുന്നു.

**കാർമ്മി:** അന്യസ്ഥലത്തു ആയിരം ദിവസത്തേക്കാൾ അങ്ങയുടെ അങ്കണത്തിൽ ഒരു ദിവസം കൂടുതൽ അഭികാമ്യമാണല്ലോ.

**സമൂ:** ദുഷ്ടന്മാരുടെ കൂടാരങ്ങളേക്കാൾ ദൈവഭവനത്തിന്റെ വാതിൽപ്പടി ഞാൻ കൂടുതൽ ഇഷ്ടപ്പെടുന്നു.

**കാർമ്മി:** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂ:** ആദിമുതൽ എന്നേക്കും, ആമ്മേൻ.

**ശുശ്രൂ:** നമുക്കു പ്രാർത്ഥിക്കാം; സമാധാനം നമ്മോടുകൂടെ.

**കാർമ്മി:** ഈജിപ്തിലെ അടിമത്തത്തിൽ വച്ച് ഇസ്രായേൽക്കാരുടെ കുടുംബങ്ങളെ അപകടങ്ങളിൽനിന്നും രക്ഷിച്ച കാരുണ്യവാനായ കർത്താവേ, ഈ കുടുംബത്തെ + ആശീർവദിക്കണമേ. അങ്ങയുടെ തിരുസഭയിൽ സജീവമായി പ്രവർത്തിക്കുന്ന പ്രധാന ഘടകം കുടുംബമാകയാൽ പൈതൃകമായ അനുഗ്രഹം നൽകി ഇതിനെ കാത്തുരക്ഷിക്കണമേ. ഞങ്ങളുടെ ഈ ഭവനം അങ്ങയുടെ ആലയമായി സ്വീകരിക്കേണമേ. നസ്രസ്സിലെ തിരുകുടംബം പോലെ ഇത് സമാധാനത്തിന്റെയും പ്രാർത്ഥനയുടെയും ഒരു ഭവനമായി തീരട്ടെ. സന്തോഷത്തിലും സന്താപത്തിലും സമ്പത്തിലും ദാരിദ്ര്യത്തിലും അങ്ങയുടെ തിരുമനസ്സ് നിറവേറ്റുവാൻ ഞങ്ങളെ സഹായിക്കണമേ. ശിശുക്കളെ സംരക്ഷിക്കുകയും പരിശുദ്ധരായി വളർന്നുവരുവാൻ അവരെ അനുഗ്രഹിക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ.

## വാതിലിൽ കുരിശുവരയ്ക്കൽ

> *(താഴെവരുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ട് കാർമ്മികൻ പ്രധാന വാതിലിന്റെ മുകൾ ഭാഗത്തു കുരിശുവരക്കുന്നു)*

**കാർമ്മി:** പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ വിശുദ്ധകുരിശിന്റെ അടയാളത്താൽ മുദ്രയിടപ്പെടുന്ന ഈ ഭവനം എന്നേക്കും അനുഗൃഹീതമാകട്ടെ.

**സമൂ:** ആമ്മേൻ.

> *(കുടുംബാംഗങ്ങളുടെ നേരെ തിരിഞ്ഞ് കരമുയർത്തി ആശീർവദിക്കുന്നു)*

**കാർമ്മി:** നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നാം എല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

*(മുറികളിലും പരിസരങ്ങളിലും വെഞ്ചരിച്ച പനിനീർ / ഹന്നാൻ വെള്ളം തളിക്കുന്നു. ഈ സമയം സമൂഹം കർത്താവിന്റെയോ മാതാവിന്റെയോ ലുത്തിനിയ ചൊല്ലുകയോ ഗാനങ്ങൾ ആലപിക്കുകയോ ചെയ്യുന്നു)*

## കുടുംബ പ്രതിഷ്ഠാ ജപം / തിരുഹൃദയ പ്രതിഷ്ഠാ ജപം

*(കാർമ്മികൻ ചൊല്ലിക്കൊടുക്കുകയും സമൂഹവും കുടുംബാംഗങ്ങളും ഏറ്റുചൊല്ലുകയും ചെയ്യുന്നു)*

**ഈശോയുടെ തിരുഹൃദയമേ,** / ഈ കുടുംബത്തെയും, / ഞങ്ങളെ ഓരോരുത്തരേയും / ഞങ്ങൾ അങ്ങേക്ക് പ്രതിഷ്ഠിക്കുന്നു. / ഞങ്ങളുടെ ഈ കുടുംബത്തിൽ / അങ്ങ് രാജാവായി വാഴേണമേ. / ഞങ്ങളുടെ പ്രവർത്തികളെല്ലാം / അങ്ങ് തന്നെ നിയന്ത്രിക്കേണമേ. / ഞങ്ങളുടെ ഉദ്യമങ്ങളെല്ലാം / ആശീർവദിക്കയും, / ഞങ്ങളുടെ സന്തോഷങ്ങൾ / വിശുദ്ധീകരിക്കയും, / സങ്കടങ്ങളിൽ / ആശ്വാസം നൽകുകയും ചെയ്യേണമേ.

ഞങ്ങളിൽ ആരെങ്കിലും / അങ്ങയെ ഉപദ്രവിക്കാൻ ഇടയായാൽ, / ഞങ്ങളോടു ക്ഷമിക്കേണമേ. / ഈ കുടുംബത്തിലുള്ളവരെയും, / ഇവിടെ നിന്ന് അകന്നിരിക്കുന്നവരെയും, / സമൃദ്ധമായി അനുഗ്രഹിക്കേണമേ. / ഞങ്ങളുടെ മരിച്ചുപോയ കുടുംബാംഗങ്ങളെ / നിത്യഭാഗ്യത്തിലേക്ക് പ്രവേശിപ്പിക്കേണമേ. / ആത്മീയവും ശാരീരികവുമായ / എല്ലാ വിപത്തുകളിൽ നിന്നും, / ഞങ്ങളെ കാത്തുകൊള്ളേണമേ. / സ്വർഗ്ഗത്തിൽ അങ്ങയെ കണ്ടാനന്ദിക്കുവാൻ / ഞങ്ങൾക്കെല്ലാവർക്കും / അനുഗ്രഹം നൽകണമേ.

മറിയത്തിന്റെ വിമല ഹൃദയവും, / മാർ യൗസേപ്പ് പിതാവും, / ഞങ്ങളുടെ പ്രതിഷ്ഠയെ / അങ്ങേക്ക് സമർപ്പിക്കുകയും / ജീവിതകാലം മുഴുവനും / ഇതിന്റെ സജീവസ്മരണ / ഞങ്ങളിൽ നിലനിർത്തുകയും ചെയ്യട്ടെ. / ആമ്മേൻ.

**കാർമ്മി / സമൂ:** ഈശോയുടെ തിരുഹൃദയമേ, / *ഞങ്ങളെ അനുഗ്രഹിക്കണമേ.*

**കാർമ്മി / സമൂ:** മറിയത്തിന്റെ വിമല ഹൃദയമേ, / *ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.*

**കാർമ്മി / സമൂ:** വിശുദ്ധ യൗസേപ്പ് പിതാവേ, / *ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.*

**കാർമ്മി / സമൂ:** വിശുദ്ധ മാർഗ്ഗരീത്താ മറിയമേ, / *ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.*

## ഭക്ഷണം / പാനീയങ്ങൾ ആശീർവദിക്കാനുള്ള പ്രാർത്ഥന

*(അവസാനം കാപ്പി / ഭക്ഷണം ഒരുക്കിയിട്ടുണ്ടെങ്കിൽ അത് ആശീർവദിക്കുന്നു)*

**കാർമ്മി:** അനന്തമായ കാരുണ്യത്താൽ ഞങ്ങളെ അനുദിനം പരിപാലിച്ചുകൊണ്ടിരിക്കുന്ന ദൈവമേ, ഈ ഭക്ഷണപാനീയങ്ങൾ + ആശീർവദിക്കണമേ. ഇവ ഞങ്ങൾക്ക് ആരോഗ്യവും ബലവും പ്രധാനം ചെയ്യട്ടെ. ഇവയെല്ലാം അങ്ങയുടെ മഹത്വത്തിന് ഉപകരിക്കത്തക്കവിധം ഉപയോഗിക്കുവാൻ ഞങ്ങളെ സഹായിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ.

*(ഭക്ഷണപാനീയങ്ങളിൽ വെഞ്ചരിച്ച പനിനീർ / ഹന്നാൻ വെള്ളം തളിക്കുന്നു)*